Viveca Ratnam

# വിവെകരത്നം

ശ്രീശങ്കരാചാൎയ്യപദം നമാമി॥- പ്രാലെയാദ്രിസുതൻ തൻകടാക്ഷത്തിനാൽ ബാലകിളിമകളെ പ
റഞ്ഞീടെടൊ നീലകരിമൊഴി പാലുമിളനീരുമാലസ്യമാറ്റുഭക്ഷിച്ചു സന്തുഷ്ടയായി കാലംകള
യാതിനിയും കഥാമൃത വെദാന്തസാരങ്ങൾ ശെഷവും ചൊല്ലുക- കല്യാണമാറ്റുള്ള ചൊദ്യങ്ങൾ കെ
ട്ടടൻ തെല്ലും മടിയാതെ പൈങ്കിളി ചൊല്ലിനാൾ- ചൊല്ലുവാൻ വാസ്തി ഞാനല്ലെന്നുവരികിലും ചൊ
ല്ലുവൻ ദെശികാനുഗ്രഹാലൊട്ടു ഞാൻ- നാഗാരികെതനനാകും മുകുന്ദനും നാഗാഭരണൻ
ജഗദീശ്വരിയൊടും വാഗീശ്വരിയും വിധിയും മുനിമാരും എന്മനക്കാതലാം ശങ്കരാചാൎയ്യനും
വെഗം കടാക്ഷിച്ചനുഗ്രഹിച്ചെന്നുടെ ശൊകം കളഞ്ഞു രക്ഷിച്ചു കൊള്ളെണമെ- ഏവം വ
ണങ്ങി പറഞ്ഞു തുടങ്ങിനാൾ- എവിടുദാ കെട്ടു കൊള്ളിൻ മുമുക്ഷുക്കൾ അന്തമില്ലാത ജനങ്ങൾ
തൊറും നിനച്ചുണ്ടാ ചെയ്തപുണ്യലെശത്തിനാൽ ദൈവഗതിയായ വിദ്യാബലം വിട്ടതെ
വവിചാരമാം സാത്വികങ്ങളായി തൽകാരണമെന്നു രാഗാദിയും വെടിഞ്ഞു ചൊൽക്കൊണ്ട ശ്രെ
യശ്രദ്ധയുമുണ്ടായി ഇക്കണ്ടതൊക്കെയനിത്യമെന്നും പുനരുൾക്കൊണ്ടുകണ്ടാത്മനിൎണ്ണയ
മെന്നതും പൊഷണമാമിഹാമുത്രാൎത്ഥഭെഷജങ്ങളെ ചൊഷമാറ്റുള്ള വിഷയവിരാഗവും ദൃഷ്ടത
ശാന്തി പരത്തുവാനത്യന്തമുൽകൃഷ്ടമായ ശമാദിഷൾക്കം പിന്നെയൊന്നാമതിക്കുള്ളിലാ
കാംക്ഷിതം മൊക്ഷമെൽവിനാ മുമുക്ഷുത്വമുള്ളിങ്ങിനെ സാധനം നാലും ക്രമെണ തികഞ്ഞു
ള്ളബൊധവിഹീനരാം മന്ദജനങ്ങളെ ബൊധം വരുത്തിക്ഷണെന ബുധൊക്തിയാലാ
ധികളഞ്ഞുടനാനന്ദമെകുവാൻ സാധുജനങ്ങൾക്കൊരാധാരഭൂതനാമാധിവിനാശനൻ
ബൊധപരായണൻ ശങ്കരദെശികപ്രൊക്തം രഹസ്യവെദാന്തസംഗ്രഹമജ്ഞാന
നാശനം നല്ലവിവെകരത്നാഖ്യപ്രകരണമുള്ളാസമാന്ദഭാഷൊക്തികൾ സത്ഗുരുന
ല്ലവരമരുൾ ചെയ്കയാലിന്നിയും ചൊല്ലുവാനിച്ഛിച്ചു നല്ലസുഭാഷിതം സ്ഥൂലവും സൂക്ഷ്മവും
കാരണവും പിന്നെ നാലാമതുണ്ടൊരു ജ്ഞാനശരീരവും നാശിനം സാക്ഷിയഖണ്ഡ
സ്വരൂപനായി മെലായതാനന്ദദെഹമഞ്ചാമതും ഗാത്രമിതഞ്ചിനും വൃത്തിയുമഞ്ചു
ണ്ടു- പാൎത്താലറിയാം വിവെകിക്കുനിൎണ്ണയം ബാഹ്യെന്ദ്രിയവൃത്തിമനൊവൃത്തിയിന്നെ

http://idb.ub.uni-tuebingen.de/diglit/Mal283/0005
EBERHARD KARLS UNIVERSITÄT TÜBINGEN
Universitätsbibliothek Tübingen
gefördert durch die DFG